**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ എം.കെ.രവി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ . രഞ്ജിത്ത് .എം.രവി സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം. 131 /2020/ തസ്വഭവ. തീയതി, തിരുവനന്തപുരം, 04/ 09/ 2020.

പരാമർശം : 1) ജി.ഒ.(പി) നം. 12/ 99/ പി & എ ആർ.ഡി തീയതി, 24/ 5/ 1999.

2) ശ്രീ . രഞ്ജിത്ത് .എം.രവി -യുടെ 17.10.2017- ലെ അപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 07.04.2018, 28.07.2018 എന്നീ തീയതികളിലെ ഇ 14- 7894/ 18 നമ്പർ കത്ത്.

4) ഇടുക്കി ജില്ലാ കളക്ടറുടെ 22.10.2019 ലെ DCIDK/ 8606/ 2018- A8 നം.കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ ആയിരിക്കേ മരണമടഞ്ഞ എം.കെ.രവി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ . രഞ്ജിത്ത് .എം.രവി സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതനായ എം.കെ.രവിയ്ക്ക് 20 വർഷം 6 മാസം 19 ദിവസത്തെ സേവനകാലമുണ്ട്.

2. ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ ആയിരിക്കേ 22.04.2017 ലാണ് എം.കെ.രവി നിര്യാതനാകുന്നത്. അപേക്ഷകനായ ശ്രീ . രഞ്ജിത്ത് .എം.രവി പരേതന്റെ മകനാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 08.08.1998 ആണ്. അപേക്ഷകന് 22 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ്.എൽ.എസി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതനായ എം.കെ.രവിയുടെ മരണസർട്ടിഫിക്കറ്റ്. അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ. അപേക്ഷകയുടെ

വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 2,30,000 /-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും ഇടുക്കി ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ ആയിരിക്കേ മരണമടഞ്ഞ എം.കെ.രവി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ . രഞ്ജിത്ത് .എം.രവി (മണ്ണുവെട്ടാംകുഴിയിൽ ഹൗസ്, പൊട്ടനാട്, പൊട്ടനാട് പി.ഒ, ഇടുക്കി) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ എം.കെ.രവിയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ . രഞ്ജിത്ത് .എം.രവി (മണ്ണുവെട്ടാംകുഴിയിൽ ഹൗസ്, പൊട്ടനാട്, പൊട്ടനാട് പി.ഒ, ഇടുക്കി).
(തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, ഇടുക്കി.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെ ബ്ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ),
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/ 161/ 18/ തസ്വഭവ)

ഉത്തരവിൻപ്രകാരം .

സെക്ഷൻ ഓഫീസർ